(ബി) ഉണ്ട്. 1988-ലെ കേരള കശുവണ്ടിത്തൊഴിലാളി ആശ്വാസ ക്ഷേമനിധി നിയമം പ്രാബല്യത്തിൽവരുന്നതിനു മുൻപ് പിരിഞ്ഞ തൊഴിലാളികൾക്കുള്ള പുതിയ പെൻഷൻ പദ്ധതി പ്രകാരമുള്ള പെൻഷൻ വിതരണം 4/99 മുതൽ തടസ്സപ്പെട്ടിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

20 (*196) പട്ടികവർഗ്ഗക്കാർക്കായി ഇൻഫർമേഷൻ സെന്റർ

ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്കുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളും മറ്റും സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പട്ടികവിഭാഗക്കാർക്ക് വിദ്യാഭ്യാസ, ഉദ്യോഗസംബന്ധമായ വിവരങ്ങൾ നൽകുന്നതിനായി പ്രത്യേകം ഇൻഫർമേഷൻ സെന്റർ ആരംഭിക്കുന്നതിന് പരിപാടിയുണ്ടോ;

(ഡി) എങ്കിൽ ഇത് ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഇല്ല. ആവശ്യമായ സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്

(ഡി) ഉദിക്കുന്നില്ല.

21 (*197) ഗിരിവർഗ്ഗ കോളനികൾ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി.ജെ. ജോയി :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഗിരിവർഗ്ഗ കോളനികളുണ്ട്;

(ബി) ഇവയിൽ എത്ര കോളനികളിൽ ശുദ്ധജലം, വൈദ്യുതി എന്നിവ എത്തിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ബാക്കി കോളനികളിൽ സമയബന്ധിതമായി ശുദ്ധജലവും വൈദ്യുതിയും എത്തിക്കുന്നതിന് എന്തെങ്കിലും പദ്ധതി ഉണ്ടാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ; അത് സംബന്ധിച്ച് വിശദവിവരം നൽകുമോ:

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) സംസ്ഥാനത്ത് 3945 ഗിരിവർഗ്ഗ കോളനികളുണ്ട്.

(ബി) ഇവയിൽ 2256 കോളനികളിൽ ശുദ്ധജലവും, 1396 കോളനികളിൽ വൈദ്യുതിയും എത്തിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ട്. പൈപ്പുലൈൻ, വൈദ്യുതിലൈൻ എന്നിവയിൽ നിന്നുമുള്ള അകലം, ഗുണം ലഭിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം, ഫണ്ടിന്റെ ലഭ്യത, കുടിവെള്ളം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് എന്നിവയുടെ അടിസ്ഥാനത്തിലാണ് ജില്ലാതലത്തിൽ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

22 (*198) പ്രീമെട്രിക് ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ

ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രീമെട്രിക് ഹോസ്റ്റലുകൾ എവിടെയെല്ലാമുണ്ട്;

(ബി) അവയിൽ ആകെ എത്ര വിദ്യാർത്ഥികൾക്ക് താമസസൗകര്യം ഉണ്ട്;

(സി) ഇത്തരം ഹോസ്റ്റലുകളിൽ നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പ്രീമെട്രിക് ഹോസ്റ്റലുകളുണ്ട്. (ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു)†

(ബി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിൽ ആകെ 3175 കുട്ടികൾക്കും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിൽ ആകെ 4975 കുട്ടികൾക്കും താമസ സൗകര്യം ഉണ്ട്.

(സി) ഉണ്ട്.

(ഡി) ഹോസ്റ്റലുകളിലെ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി, വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഹോസ്റ്റലുകൾക്ക് സ്ഥിരം കെട്ടിടം നിർമ്മിച്ചുവരുന്നു. സ്ഥിരം കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾക്ക്

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly